File No.EXC/202/2022-XE9

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 20/01/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC4/2022/EXCISE</u>**

വിഷയം: എക്സൈസ് ഭരണപരം - കോവിഡ്-19 വ്യാപനം - എക്സൈസ് വകുപ്പിന്റെ ദൈനംദിന പ്രവർത്തന നടപടികൾ സംബന്ധിച്ച മാർഗ്ഗ രേഖ പുറപ്പെടുവിക്കുന്നു.

സൂചന: സർക്കുലർ നം - EXC/19 /2020/EXCISE തീയതി 22.06.2020.

കോവിഡ്-19 കാലത്ത് എക്സൈസ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് കോവിഡ്-19 മഹാമാരി ബാധിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ അറിയേണ്ടതും അനുവർത്തിക്കേണ്ടതുമായ പൊതു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങളുടെ സുരക്ഷയ്ക്കായുള്ള പൊതു മാനദണ്ഡങ്ങൾ</u>**

- ഡ്യൂട്ടി സംബന്ധമായി മറ്റുള്ളവരുമായി ഇടപഴകിയശേഷം സോപ്പും വെള്ളവും ഉപയോഗിച്ചോ, ആൽക്കഹോൾ അടങ്ങിയ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ വൃത്തിയായി കഴുകിയതിന് ശേഷം മാത്രമേ, മൂക്കിലോ വായിലോ സ്പർശിക്കുകയോ, ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോ ചെയ്യാൻ പാടുള്ളൂ.
- സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ 20 മുതൽ 40 സെക്കൻഡ് സമയം കഴുകുക.
- കൈകൾ ശരിയാം വിധം ശുചിയാക്കാതെ കണ്ണിലോ , മൂക്കിലോ, വായിലോ സ്പർശിക്കരുത്.
- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും കൈകൾകൊണ്ടോ തുവാല കൊണ്ടോ മൂക്കും വായും മൂടുക.
- ഹസ്തദാനം ഉൾപ്പെടെ മറ്റുള്ളവരുമായുള്ള ശാരീരിക സ്പർശം പൂർണ്ണമായും ഒഴിവാക്കുക.
- സഹപ്രവർത്തകർ ഉൾപ്പെടെ ഇടപെടുന്ന എല്ലാവരിൽ നിന്നും രണ്ട് മീറ്റർ അകലം പാലിക്കുക.

- ഡ്യൂട്ടിയിൽ ആയിരിക്കുമ്പോൾ ഹാൻഡ് സാനിട്ടൈസർ എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ സൂക്ഷിക്കുക.
- വീട്ടിൽ നിന്നും പുറത്തേക്ക് ഇറങ്ങിയാൽ എല്ലാ സമയങ്ങളിലും മാസ്ക് ശരിയാംവിധം ധരിക്കുക. സംസാരിക്കുമ്പോഴോ മറ്റ് അവസരങ്ങളിലോ മുഖത്ത് നിന്നും മാസ്ക് മാറ്റുകയോ മൂക്ക് പുറത്ത് കാണത്തക്കവിധം താഴ്ത്തി വയ്ക്കുകയോ ചെയ്യരുത്.
- ഓഫീസുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും കൂട്ടം കൂടുന്നത് ഒഴിവാക്കുക . ഓഫീസുകളിലെ ശീതീകരണ സംവിധാനം ഒഴിവാക്കി ശരിയായ വായു സഞ്ചാരം ഉറപ്പ് വരുത്തുക.
- യൂണിഫോമുകളും, തുവാലയും മറ്റ് വസ്തുക്കളും ദിവസേന സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക.
- പുറത്ത് നിന്നും വീട്ടിൽ എത്തുമ്പോൾ ഒരു പ്രത്യേക വാതിലിൽ കൂടി മാത്രം പ്രവേശിക്കാനും വീട്ടിൽ എത്തിയാൽ ഉടനെ പുറത്ത് ഉപയോഗിച്ച യൂണിഫോമുകളും മറ്റ് വസ്തുക്കളും മാറ്റി ശരിയാംവിധം സോപ്പ് ഉപയോഗിച്ച് ദേഹശുദ്ധി വരുത്തിയ ശേഷം മാത്രം കുടുംബാഗങ്ങളുമായി ഇടപെടാനും ശ്രദ്ധിക്കേണ്ടതാണ്.
- മറ്റ് രോഗങ്ങളുള്ളതോ, പ്രായമായവരോ, കുഞ്ഞുങ്ങളോ ആയ കുടുംബാഗങ്ങളുമായി അതിനു ശേഷവും അടുത്ത് ഇടപെടാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുക. വീട്ടിൽ പ്രായമായവരോ മറ്റ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരോ ആയ മാതാപിതാക്കളോ മറ്റ് ബന്ധുക്കളോ ഉണ്ടെങ്കിൽ അവരവരുമായി ഇടപെടുമ്പോൾ മിതത്വം പാലിക്കണം. ആവശ്യമെങ്കിൽ മാസ്ക് ഉപയോഗിക്കാനും ശ്രദ്ധിക്കുക.
- പനിയോ, ചുമയോ, തൊണ്ട വേദനയോ, ശ്വാസ തടസ്സമോ ഉണ്ടായാൽ ഉടനെ ചികിത്സ തേടുക .

<u>**എക്സൈസ് ഓഫീസുകളിൽ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ**</u>

- സാമൂഹിക അകലം കർശനമായും പാലിക്കേണ്ടതും, മാസ്ക്, സാനിറ്റൈസർ എന്നിവ ഓഫീസിലും വകുപ്പ് വാഹനങ്ങളിലും ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ വേണ്ട മുൻകരുതലുകൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഡ്യൂട്ടിയിൽ ആയിരിക്കുമ്പോൾ വാച്ച്, പേഴ്സ് എന്നിവ പരമാവധി ഒഴിവാക്കുക.
- ഓഫീസുകളിൽ ഉപയോഗിക്കുന്ന പേന, കണ്ണട, ബെൽറ്റ്, തൊപ്പി എന്നിവ വീട്ടിൽ കൊണ്ട് പോകരുത്. അവ ഓഫീസുകളിൽ തന്നെ സ്വന്തം അധീനതയിൽ സൂക്ഷിക്കുക.

- ഓഫീസിലെ എല്ലാ ഫർണിച്ചറും , വാതിലിന്റെ കൈപിടികളും , തറയും ഒരു ശതമാനം ഹൈപ്പോക്ലോറേറ്റ് ലായിനി ഉപയോഗിച്ച് ദിവസേന മൂന്നോ നാലോ തവണ വൃത്തിയാക്കുക.
- ഓരോ ബാച്ച് ഉദ്യോഗസ്ഥരുടെയും ഡ്യൂട്ടി കഴിയുമ്പോൾ വകുപ്പ് വാഹനം ഒരു ശതമാനം ഹൈപ്പോക്ലോറേറ്റ് ലായിനി ഉപയോഗിച്ച് അണുനശീകരണം നടത്തേണ്ടതാണ്.
- ഡ്യൂട്ടി സമയങ്ങളിൽ മൊബൈൽ ഫോണുകൾ പ്ലാസ്റ്റിക്ക് കവറിനുള്ളിലാക്കി സൂക്ഷിക്കുക. പ്രസ്തുത കവർ ദിവസേന വൃത്തിയാക്കുകയോ മാറ്റുകയോ ചെയ്യുക.
- മൊബൈൽ ഫോണുകൾ, ലാപ്പ്ടോപ്പുകൾ, ക്ലിപ്പ്ബോർഡുകൾ, വയർലെൻസ്സുകൾ എന്നിവ ഡ്യൂട്ടി സമയം കഴിഞ്ഞ ശേഷം അണുവിമുക്തമാക്കുക.
- എല്ലാ വാഹനങ്ങളിലും ആവശ്യമായ കൈ ഉറകൾ , മാസ്കുകൾ, സാനിറ്റൈസറുകൾ, ഫേസ് ഷീൽഡുകൾ, കുടിവെള്ളം എന്നിവ കരുതുക. നിർജ്ജലീകരണം ഒഴിവാക്കുക.
- ഉപയോഗിച്ച മാസ്കുകളും കൈയ്യുറകളും അലക്ഷ്യമായി വലിച്ചെറിയരുത്. അവ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്.

**<u>പട്രോളിംഗ് ഡ്യൂട്ടിക്കിടയിൽ എടുക്കേണ്ട മുൻകരുതലുകൾ.</u>**

- പട്രോളിംഗ് നടത്തുമ്പോൾ മാസ്കുകളും, കൈയ്യുറകളും മുഖംമറയ്ക്കുന്ന ഷീൽഡുകളും നിർബന്ധമായും ധരിക്കണം.
- പൊതുജനങ്ങളുമായി സംവദിക്കുമ്പോൾ സാമൂഹിക അകലം നിർബന്ധമായും പാലിക്കണം.
- താമസസ്ഥലം, കെട്ടിടങ്ങൾ തുടങ്ങിയവയിലേക്ക് പ്രവേശിക്കുന്നത് പരമാവധി ഒഴിവാക്കണം.
- ഉദ്യോഗസ്ഥൻമാർ ഡ്യൂട്ടിയിലായിരിക്കുമ്പോഴെല്ലാം സാനിറ്റൈസർ അവരുടെ കൂടെ കരുതണം, അത് പതിവായി ഉപയോഗിക്കണം.
- ഹസ്തദാനം ഒഴിവാക്കണം.
- പൊതുജനങ്ങളുമായി കൂടിക്കാഴ്ചയും ആശയവിനിമയവും വേണ്ട അവസരങ്ങളിൽ സാധ്യമാകുന്നിടത്തെല്ലാം ടെലിഫോണിക് സംഭാഷണം ഉപയോഗപ്പെടുത്തുക.
- പനി, ചുമ, തുമ്മൽ, തൊണ്ടവേദന തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്ന വ്യക്തികളുമായി നേരിട്ടുള്ള ബന്ധങ്ങൾ , സംഭാഷണങ്ങൾ, ഇടപെടലുകൾ എന്നിവ ഒഴിവാക്കുക.
- റെഡ് സോൺ/ഹോട്ട് സ്പോട്ട് ആയി തിരിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉള്ള വ്യക്തികളെ ഔദ്യോഗിക ആവശ്യങ്ങൾക്ക് സന്ദർശിക്കേണ്ട സാഹചര്യം കഴിവതും ഒഴിവാക്കുക. ഒഴിച്ചുകൂടാനാകാതെ വരുന്ന സാഹചര്യത്തിൽ മതിയായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം.
- കോൺഫറൻസുകൾ വീഡിയോ കോൺഫറൻസിംഗ് പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സംഘടിപ്പിക്കേണ്ടതാണ്.

**<u>വാഹന പരിശോധന :</u>**